(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.(ശ്രീ. രമേൽ ചെന്നിത്തല) : സർ,

(എ) 1-2-2014-ലെ സ.ഉ (എംഎസ്.) നമ്പർ 20/14/ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് സേനയിലെ 56000 സേനാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 28-2-2014-ലെ സ.ഉ (എംഎസ്.) 41/2014/ആഭ്യ നമ്പർ ഉത്തരവ് പ്രകാരം കേരളാ പോലീസ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന സേനാംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് കേരള ഗവ. സർവൻസ് മെഡിക്കൽ അറ്റൻഡൻസ് (KGSMA) നിയമത്തിന്റെ പരിരക്ഷയും നൽകിയിട്ടുണ്ട്.

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് എന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാരാണ് ഇതിനുള്ള പ്രീമിയം തുക അടയ്ക്കുന്നത്.

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സേനാംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ താൽപ്പര്യമുള്ള ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും വിശദ വിവരങ്ങൾ ഉൾപ്പെടെയുള്ള താൽപ്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള പരസ്യം കേരള പോലീസിന്റെ വെബ്സൈറ്റിലും, പ്രധാന പത്ര മാധ്യമങ്ങളിലും നൽകുന്നതിലേക്കായി സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മരം മുറിക്കൽ തടയുന്നതിന് നടപടി

28 (*748) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലായാൽ സ്വന്തം പുരയിടത്തിൽ നിന്നുപോലും മരംമുറിക്കാൻ കഴിയില്ലെന്ന് കർഷകരെ തെറ്റിദ്ധരിപ്പിച്ച് തടി മാഫിയ ഹൈറേഞ്ച് പ്രദേശങ്ങൾ വെട്ടിവെളുപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലക്ഷങ്ങൾ വരുന്ന മരങ്ങൾ നിസ്സാരവിലയ്ക്ക് തട്ടിയെടുക്കുകയാണ് തടി മാഫിയയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനമേഖലയോടുചേർന്ന പ്രദേശങ്ങളിലെ വ്യാപകമായ മരംമുറിക്കൽ തടയുന്നതിനായി വനം വകുപ്പ് അധികൃതർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ നിലവിലുള്ള വന നിയമങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയാൻ നിരന്തരമായി പരിശോധന നടത്തുകയും അപ്രകാരം കണ്ടെത്തുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കേസെടുത്ത് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

റോഡപകടങ്ങളുടെ വിശകലനം

29 (*749) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെങ്കിലും ഗതാഗത വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എങ്കിൽ 2013-ൽ ഉണ്ടായ അപകടങ്ങൾ വിശകലനം ചെയ്തതിൽ നിന്നും വെളിപ്പെട്ട വിവരങ്ങൾ വിശദമാക്കാമോ ;

(സി) മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ലെങ്കിൽ അപകടങ്ങളിൽ ഡ്രൈവറുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചയിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പഠനവും വിവരശേഖരണവും നടത്താൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

LIBRARY ARCHIVES Kerala Legislative Assembly